**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3570** **08-10-2025 - ൽ മറുപടിയ്ക്ക്**

**കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിശ്ചയിച്ച സമയക്രമം പ്രകാരം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ കുട്ടോത്ത് -അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽ വില്യാപ്പള്ളി, നടക്കുതാഴ, പാലയാട്, മണിയൂർ വില്ലേജുകളിൽപ്പെട്ട 3.485 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനു അർത്ഥനാധികാരി ലഭ്യമാക്കിയ പുതിയ അർത്ഥനയുടെ അടിസ്ഥാനത്തിൽ GO (Rt) No. 1933/2025/റവ തീയതി, 18.08.2025 പ്രകാരം അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും, RFCTLARR Act, 2013 സെക്ഷൻ 4(1) പ്രകാരം സാമൂഹ്യാഘാത പഠനം നടത്തുന്നതിന് Kerala Voluntary Health Services, Mullankuzhy Collectorate P.O, Kottayam എന്ന ഏജൻസിയെ ചുമതലപ്പെടുത്തി 20/08/2025 തീയതിയിലെ 3014 നമ്പർ കേരള (അസാധാരണം) ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) നോട്ടിഫിക്കേഷൻ എന്നത്തേക്ക് പുറപ്പെടുവിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ബി) | സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 3 മാസമാണ് കാലാവധി. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച് ആയത് വിലയിരുത്തി വിദഗ്ധ സമിതി ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുപ്പുമായി മുന്നോട്ട് പോകുന്നതിനുള്ള സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതും തുടർന്ന് 11(1) വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ